എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
ഊർജ്ജപത്രിക
Oorja Pathrika | A newsletter from Energy Management Centre - Kerala
വാല്യം-2, ലക്കം 05, 2021 ഒക്ടോബർ 05



# കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് – 2021

## അപേക്ഷകൾ ക്ഷണിച്ചു

2021 ലെ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡിനായുള്ള അപേക്ഷകൾ ക്ഷണിച്ചു. കേരള സർക്കാർ എല്ലാ വർഷവും എനർജി മാനേജ്മെന്റ് സെന്റർ മുഖേനയാണ് ഊർജ്ജസംരക്ഷണ അവാർഡുകളുടെ തിരഞ്ഞെടുപ്പും അവാർഡ് ദാനവും നിർവഹിക്കുന്നത്. വ്യവസായ സംരംഭങ്ങൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ വ്യക്തിഗതം, ആർക്കിടെക്ച്ചറൽ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള ഇനങ്ങളിൽ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഊർജ്ജ സംരക്ഷണ പ്രവർത്തങ്ങളുടെ അടിസ്ഥാനത്തിലാണ് അവാർഡ് നൽകുക.

കാര്യക്ഷമമായ ഊർജ്ജ മാനേജ്മെന്റും ഉപയോഗവും, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ഊർജ്ജ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്താണ് അവാർഡിന് പരിഗണിക്കുന്നത്. അപേക്ഷകളിൽ നിന്നും മികച്ചവയെ ഷോർട്ട് ലിസ്റ്റ് ചെയ്ത്, കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ വിശദ പരിശോധനയ്ക്ക് ശേഷം, അവാർഡിനായി പരിഗണിക്കേണ്ടവയെ ഊർജ്ജ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ മോണിറ്ററിംഗ് കമ്മറ്റി തിരഞ്ഞെടുക്കും.

ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14 ന് അവാർഡ് ദാനച്ചടങ്ങ് നടക്കും. (ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായ പദ്ധതി – വിശദ വാർത്ത പേജ് 2 ൽ)

കൂടുതൽ വിവരങ്ങൾക്ക്: https://qrgo.page.link/eHM2Q

# ഹരിത ഊർജ്ജ പദ്ധതികൾക്കായി താൽപ്പര്യ പത്രം ക്ഷണിച്ചു

കേരളത്തിൽ പീക്കോ/മൈക്രോ ജലവൈദ്യുത പദ്ധതി, മൈക്രോ വിൻഡ് പദ്ധതി, ഹൈബ്രിഡ് പവർ പ്രോജക്റ്റുകൾ മുതലായ സാങ്കേതികവിദ്യകളുടേയും ആശയങ്ങളുടേയും സാധ്യതാ പഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനും വേണ്ടി എനർജി മാനേജ്മെന്റ് സെന്റർ താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

നവീന ആശയങ്ങൾക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന പ്രോജക്ട് നിർദ്ദേശങ്ങളും ആശയങ്ങളും ഇ.എം.സി പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി ചുരുക്കപ്പട്ടിക എല്ലാ മാസത്തിലും ഒരു നിശ്ചിത തിയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാധ്യതകൾ കണ്ടെത്താനും ലക്ഷ്യമിടുന്നു.

കേരളത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 1 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പവർ പ്രോജക്ടുകളുടെ സാധ്യതാ പഠനവും പൈലറ്റ് ഇൻസ്റ്റാളേഷനും ആണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. വിജയകരമായ പൈലറ്റ് പദ്ധതിയുടെ മാതൃകയിൽ സാധ്യമായ ഇടങ്ങളിൽ ഘട്ടംഘട്ടമായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

പുനരുപയോഗിക്കാവുന്ന പ്രകൃതിവിഭവങ്ങൾ വികേന്ദ്രീകൃതമായും ഫലപ്രദമായും ഉപയോഗപ്പെടുത്താൻ ഈ ഉദ്യമം അവസരമൊരുക്കും.

കൂടുതൽ വിവരങ്ങൾക്ക്: https://qrgo.page.link/219Xx





# ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായ പദ്ധതി

ഊർജ്ജ സംരക്ഷണ അവാർഡിന്റെ ഷോർട്ട് ലിസ്റ്റിൽ എത്തുന്നവർക്ക് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായ പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ പ്രഖ്യാപിച്ചു. 2020 ലെ ഷോർട്ട് ലിസ്റ്റിൽ ഇടംപിടിച്ചവർക്കും വരും വർഷത്തെ ഷോർട്ട് ലിസ്റ്റിൽ എത്തുന്നവർക്കും പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്. 1 ലക്ഷം രൂപ വരെയുള്ള ധനസഹായ പദ്ധതികളാണ് പ്രഖ്യാപിച്ചത്.

സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും കെട്ടിടങ്ങൾക്കും ISO 50001 സർട്ടിഫിക്കേഷനായുള്ള ധനസഹായം, ഊർജ്ജ ഓഡിറ്റിനുള്ള ധനസഹായം, സ്ഥാപനത്തിലെ എഞ്ചിനീയർമാർക്ക് സർട്ടിഫൈഡ് എനർജി മാനേജർ/ഓഡിറ്റർ പരീക്ഷയ്ക്കുള്ള ധനസഹായം എന്നിവയാണ് ലഭ്യമാവുക. ഇതോടൊപ്പം, വ്യക്തികൾക്ക് എനർജി മാനേജർ/ഓഡിറ്റർ പരീക്ഷയ്ക്കുള്ള ഫീസ്, നിബന്ധനകൾക്ക് വിധേയമായി തിരിച്ചു നൽകും.

കൂടുതൽ വിവരങ്ങൾക്ക്:
https://qrgo.page.link/fMH17

# 'ഉർജ്ജയാൻ' പദ്ധതി പുരോഗമിക്കുന്നു

നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായ ഇ.എം.സി "ഉർജ്ജയാൻ" പദ്ധതി പുരോഗമിക്കുന്നു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ 8 നിയോജക മണ്ഡലത്തിലെ (ഒല്ലൂർ, പുതുക്കാട്, മണലൂർ, കുന്നംകുളം, കയ്പമംഗലം, ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ, ഗുരുവായൂർ) തിരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ നേമം, കഴക്കൂട്ടം നിയോജക മണ്ഡലങ്ങളിലെ സർക്കാർ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റും ആരംഭിച്ചിട്ടുണ്ട്.

ഇതുകൂടാതെ, കാട്ടാക്കട നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുത്ത 6 സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയവ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. പാലക്കാടിനെ ഊർജ്ജ കാര്യക്ഷമമായ ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളുടെയും വിദ്യാലയങ്ങളുടെയും ഊർജ്ജ ഓഡിറ്റും പുരോഗമിക്കുന്നു.

## MYEV പോർട്ടൽ വഴി വാഹന ബുക്കിംഗ് പുരോഗമിക്കുന്നു

ഇലക്ട്രിക് സ്കൂട്ടറുകൾ കുറഞ്ഞ വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച പോർട്ടൽ വഴി വാഹന ബുക്കിംഗ് പുരോഗമിക്കുന്നു. 2021 സെപ്റ്റംബർ മാസം 1 ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ച പോർട്ടൽ വഴി നിലവിൽ 28 സ്കൂട്ടറുകൾ ബുക്ക് ചെയ്യപ്പെട്ടിട്ടുണ്ട്. (പോർട്ടൽ സംബന്ധിച്ച വിവരങ്ങൾക്ക് പേജ് 4 കാണുക.)

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256

# Southern Railway Managed to Save 5.88 Lakhs Tonne $CO_2$ in 2020-21



Southern Railway has managed to save carbon dioxide emission by 5.88 lakh tons leading to a saving of Rs 377 crore as a result of various steps taken to attain the net-zero emission target set by Indian Railways by 2030.

Energy savings of 570 million units in traction category and 18 million units in non-traction were achieved during 2020-21 over 2019-20.

Under mission electrification of the routes, Southern Railway has added 370 track kilometres during 2020-21 and has enabled the introduction of electric loco run passenger and goods trains, reduction of diesel automotive and improved operational efficiency. Southern railway introduced LED lights and BLDC fans (brushless direct current) coaches resulting in 29 per cent of energy saving in EMU (electric multiple units) and 23 per cent in MEMUs (mainline electric multiple units).

For more:
https://qrgo.page.link/nHpyc

# Training for Empanelment of Professionals in Building Sector Started

EMC has started the training programs as part of the empanelment of professionals in the building energy efficiency sector. With this training programme, EMC is preparing a cadre of Building Energy Efficiency Experts(BEEE) who will be empanelled to help the public to design buildings to the provisions of the Energy Conservation Building code (ECBC). ECBC is made mandatory for commercial buildings from 2017. The service of these professionals will also be utilised for the State level implementation of Eco Niwas Samhita (ECBC for Residential buildings currently notified on voluntary scope), published by the Government of India.

The Government of Kerala is also promoting the construction of green buildings and decided to provide financial incentives including a reduction in building tax, etc for which energy usage is a major component for evaluation. EMC is also planning to use the support of these empanelled professionals for the development of green buildings in Kerala for evaluation of such buildings for the Government.

Empanelment is done in two stages. After successful completion of the first stage training program, the applicant become a Building Energy Simulation Expert (BESE). On completion of the second stage training and successful clearing of the evaluation process the applicants are empanneled as BEEE.

The training will be imparted by selected ECBC firms empanelled by the Bureau of Energy Efficiency. EMC is also in the process of creating Trainer of Trainees for BEEE from Architectural /Engineering college faculties who are empanelled as BEEE, in the near future.

For more:
https://qrgo.page.link/J6xDK



വാഹനങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ബുക്കിംഗിനും **www.myev.org.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ പ്ലേസ്റ്റോറിൽ നിന്ന് **MyEV** എന്ന മോബൈൽ ആപ്പ് ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കുകയോ ചെയ്യാം.



Hero Electric OPTIMA ER



Hero Electric NYX ER



Hero Electric OPTIMA E5



Hero Electric Photon LP



Ather 450X



Ather 450X Plus



Ampere Magnus



Ampere Zeal



Okinawa Praise Pro



Okinawa Ridge+

Scan QR Code

# 27-47%

## ഗവൺമെന്റ് സബ്സിഡി*

Help line: 9400068335

Disclaimer : ഈ പദ്ധതിക്കായി ഇലക്ട്രിക് 2 വീലറുകൾ വാങ്ങുന്നതിനുള്ള ടെൻഡർ പ്രക്രിയ നടത്തിയത് കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൻറെ ഒരു ഉപസ്ഥാപനമായ കൺവെർജൻസ് എനർജി സർവീസസ് ലിമിറ്റഡ് ആണ്. ഈ പദ്ധതിയുടെ സാമൂഹിക നേട്ടങ്ങൾ പരിഗണിച്ച്, എനർജി മാനേജ്മെന്റ് സെന്റർ - കേരള ഈ പദ്ധതിയുടെ പ്രചരണപരിപാടികൾക്ക് നേതൃത്വം നൽകുന്നു. പദ്ധതി പ്രകാരം, വിതരണം ചെയ്യുന്ന വാഹനങ്ങളുടെ ഗുണനിലവാരം, ഡെലിവറി, വിൽപ്പനാനന്തര സേവനം എന്നിവ ഉറപ്പുനൽകുന്നത് ഇലക്ട്രിക് വാഹന നിർമ്മാതാക്കളാണ്.

conditions apply*